# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2057 — 19.06.2012-ൽ മറുപടിയ്ക്ക്

## വൃക്ഷവത്ക്കരണവും വഴിയോര തണൽ പദ്ധതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനഭാഗങ്ങളിലോ വനേതര ഭാഗങ്ങളിലോ വൃക്ഷവത്കരണം നടത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് വ്യക്തമാക്കാമോ; | എ) സമഗ്ര വൃക്ഷവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതി ക്ലാസ് 1 മുതൽ 4 വരെയുള്ള സ്കൂൾ കുട്ടികളെക്കൂടി ഉൾക്കൊള്ളിച്ച് വിപുലീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സർക്കാരിതര സംഘടനകൾ, എൻ.എസ്.എസ്, എൻ.സി.സി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് എന്നിവർ വഴി നട്ടു വളർത്തുന്നതിനായി തൈ വിതരണം നടത്തുന്നു. കൂടാതെ പൊതുസ്ഥലങ്ങളിലും റെയിൽവേയുടെ ലഭ്യമായ സ്ഥലങ്ങളിലും, തൈ നട്ടുപിടിപ്പിക്കുന്നു. തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ കീഴിൽ വരുന്ന ഏഴ ജില്ലകളിലെ 105 റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഒരു ലക്ഷം വൃക്ഷത്തൈകൾ എൻ.സി.സി യുടെ കൂടി സഹായത്തോടെ പുതുതായി നട്ടുപിടിപ്പിക്കുന്ന പദ്ധതിയും ഈ വർഷം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശത്ത് തൈകൾ നട്ടുവളർത്തുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കിവരുന്നു. |
| ബി) വനേതര ഭാഗങ്ങളിൽ നടത്തുന്ന വൃക്ഷവത്കരണ പരിപാടികളുടെ പുരോഗതി | ബി) നടത്താറുണ്ട്. വൃക്ഷവത്ക്കരണ പരിപാടികളുടെ പുരോഗതി കാലാകാലങ്ങളിൽ അവലോകനം നടത്താറുണ്ട്. |

| | | | |
|---|---|---|---|
| | വിലയിരുത്തുന്നതിന് കാലാകാലങ്ങളിൽ അവലോകനം നടത്താറുണ്ടോ; | | |
| സി) | ഇത്തരം അവലോകനങ്ങളിൽ സംസ്ഥാനത്ത് നടപ്പാക്കിയ വൃക്ഷവത്കരണ പരിപാടികളിൽ ഏതെല്ലാം പദ്ധതികളാണ് വിജയമായത് എന്നും ഏതെല്ലാം പദ്ധതികളാണ് പരാജയമായിരുന്നതെന്നും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് വ്യക്തമാക്കാമോ; | സി) | കഴിഞ്ഞ കാലങ്ങളിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം നടപ്പിലാക്കിക്കൊണ്ടിരുന്ന എന്റെ മരം, നമ്മുടെ മരം, ഹരിത തീരം, വഴിയോരത്തണൽ, ഹരിത കേരളം എന്നീ പദ്ധതികളെല്ലാം വിജയപ്രദമായിട്ടുണ്ട്. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഹരിത കേരളം, വഴിയോരത്തണൽ എന്നീ പദ്ധതികളിലൂടെ സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സർക്കാരിതര സംഘടനകൾ, എൻ.എസ്.എസ്, എൻ.സി.സി. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് എന്നിവർ വഴി തൈ വിതരണം ചെയ്ത് നട്ടു പിടിപ്പിക്കുന്നത് ഫലപ്രദമായി ചെയ്തു വരുന്നു. |
| ഡി) | സംസ്ഥാന വനം വകുപ്പ് നടപ്പാക്കുന്ന വഴിയോര തണൽപദ്ധതി ഇപ്പോഴും നിലവിലുണ്ടോ; | ഡി) | നിലവിലുണ്ട്. |
| ഇ) | ഉണ്ടെങ്കിൽ ഈ വർഷം പ്രസ്തുത പദ്ധതിക്കു വേണ്ടി എത്ര തൈകൾ വിതരണം ചെയ്തു; | ഇ) | വഴിയോരത്തണൽ പദ്ധതി പ്രകാരം ഈ വർഷം 30,000 തൈകൾ വച്ചു പിടിപ്പിക്കാനുദ്ദേശിക്കുന്നു. |
| എഫ്) | വഴിയോര തണൽ പദ്ധതി നിർത്തലാക്കിയെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ? | എഫ്) | ചോദ്യം (ഡി)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ